## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5352** — **31/10/2016-ൽ മറുപടിക്ക്**

## ആശ്രിത നിയമനം

**ചോദ്യം**
ശ്രീ.ബി.സത്യൻ

**മറുപടി**
ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യ നീതിയും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആറ്റിങ്ങൽ ഗവ.ഹോമിയോ ആശുപത്രിയിൽ നഴ്സിംഗ് അസിസ്റ്റന്റ് ആയിരിക്കെ അന്തരിച്ച ശ്രീ.എസ്. സജികുമാറിന്റെ വിധവ ശ്രീമതി അനില, അണവിളവീട്, വെള്ളല്ലൂർ പി.ഒ, കിളിമാനൂർ എന്നയാൾ ആശ്രിതനിയമനത്തിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | അപേക്ഷ സംബന്ധിച്ച് ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ട് 25/10/2016-ൽ ഹോമിയോപ്പതി വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. അപേക്ഷ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | അവർക്ക് ഏതു തസ്തികയിൽ നിയമനം നൽകാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) | ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിയമനത്തിനാണ് ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുള്ളത്. |
| (സി) | ഇതുമായി ബന്ധപ്പെട്ട ഫയൽ തീർപ്പുകൽപ്പിക്കാൻ ഇപ്പോൾ ഏത് ഓഫീസിലാണുള്ളത്; ബന്ധപ്പെട്ട ഫയൽ നമ്പർ വ്യക്തമാക്കുമോ; | (സി) | ഹോമിയോപ്പതി ഡയറക്ടറേറ്റിലാണ് ഫയൽ ഉള്ളത്. |
| (ഡി) | ആശ്രിത നിയമനത്തിന് എന്നാണ് അപേക്ഷിച്ചത്; | (ഡി) | 30/04/2014-ന് |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത ഫയൽ തീർപ്പുകൽപ്പിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ: | (ഇ) | അപേക്ഷാ തീയതി സജികമാർ മരണപ്പെട്ട തീയതിക്ക് മുമ്പുള്ളതായതിനാൽ അപേക്ഷ കളക്ടറേറ്റിൽ നിന്നും നിരസിച്ചതിനാലാണ് കാലതാമസം നേരിട്ടിട്ടുള്ളത്. |
| (എഫ്) | കാലതാമസം ഒഴിവാക്കി ശ്രീമതി അനിലയ്ക്ക് നിയമനം നൽകാൻ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ ? | (എഫ്) | അപേക്ഷ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ